പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 905 — 12.06.2013 ന് മറുപടിയ്ക്ക്.

## ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ. യിലെ സ്കിൽ ഡെവലപ്മെന്റ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| സ്കിൽ ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ടോയോട്ട ടെക്നിക്കൽ എഡ്യൂക്കേഷൻ പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നും പ്രസ്തുത പ്രോഗ്രാം എന്ന് ആരംഭിക്കുവാൻ സാധിക്കും എന്നും അറിയിക്കാമോ? | സ്കിൽ ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ. യിലെ ട്രെയിനികൾക്ക് Body & Paint (TTEP) പ്രോഗ്രാം (ടോയോട്ട ടെക്നിക്കൽ എഡ്യൂക്കേഷൻ പ്രോഗ്രാം) - ൽ പരിശീലനം നൽകുന്നതിന്, മെ. ടോയോട്ട കിർലോസ്കർ മോട്ടോർ പ്രൈവറ്റ് ലിമിറ്റഡും ചാലക്കുടി ഐ.ടി.ഐ. യും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ടോയോട്ട ടെക്നിക്കൽ എഡ്യൂക്കേഷൻ പ്രോഗ്രാം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിട നവീകരണം, യന്ത്ര സാമഗ്രികളുടെ സംഭരണം, സ്ഥാപിക്കൽ എന്നീ ജോലികൾ നിർവ്വഹിക്കുന്നതിനായി 14 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഷെഡ്യൂൾ പ്രകാരമുള്ള സിവിൽ വർക്കസ് പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ഇലക്ട്രിക്കൽ ജോലികൾ, യന്ത്ര സാമഗ്രികളുടെ സംഭരണം, സ്ഥാപനം തുടങ്ങിയ നടപടി ഐ.ടി.ഐ. യിൽ സ്വീകരിച്ചുവരുന്നു. കൂടാതെ ഐ.ടി.ഐ. യിലെ 2 ഇൻസ്ട്രക്ടർമാർക്ക് മെ.ടൊയോട്ട കിർലോസ്കർ മോട്ടോർ പ്രൈവറ്റ് ലിമിറ്റഡ് കോഴ്സുകൾ പഠിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. അധികം താമസമില്ലാതെ ടി പദ്ധതി പ്രകാരം പരിശീലനം തുടങ്ങുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ